# പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2022 മാർച്ച് 15, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

13 (* 121) <u>മൃഗസംരക്ഷണ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ</u>

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് മൃഗാരോഗ്യ പരിപാലനത്തിനായി വെറ്ററിനറി ആശുപത്രികൾ, വെറ്ററിനറി ഡിസ്പെൻസറികൾ, മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേന്ദ്ര സഹായത്തോടെ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. രോഗനിർണ്ണയത്തിനായി വകുപ്പിനുകീഴിൽ ജില്ലാ-

താലൂക്കുതല ലാബുകളും പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസിൽ ഓങ്കോളജി വിഭാഗവും മണ്ണുത്തി വെറ്ററിനറി കോളേജ്, വയനാട് പൂക്കോട് വെറ്ററിനറി കോളേജ് എന്നിവിടങ്ങളിൽ മൃഗചികിത്സാ പഠന സമുച്ചയങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. വീട്ടുപടിക്കൽ രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി എല്ലാ ബ്ലോക്കുകളിലേയ്ക്കും വ്യാപിപ്പിക്കുകയും കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിൽ ടെലിമെഡിക്കൽ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും 'ഗോരക്ഷ' പദ്ധതി മുഖേന സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും കുളമ്പുരോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ്പ് നൽകുകയും അകിടുവീക്കം നിയന്ത്രണവിധേയമാക്കുന്നതിന് സമഗ്ര പരിപാടി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. മൃഗചികിത്സയ്ക്കാവശ്യമായ മരുന്നുകൾ കർഷകർക്ക് സൗജന്യമായി നൽകുകയും 'കർഷക മിത്ര' എന്ന പേരിൽ മാർജിൻ ഫ്രീ മരുന്നുകടകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സന്തതി പരിശോധനാ പദ്ധതിയിലൂടെയും തന്മാത്രാ സാങ്കേതികവിദ്യ ഉപയോഗിച്ചും മെച്ചപ്പെട്ട കാളകളെ തെരഞ്ഞെടുത്ത് ഉത്പാദനക്ഷമത കൂടിയതും ജനിതക മേന്മയുള്ളതുമായ ബ്രീഡുകൾ വികസിപ്പിക്കുകയും ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ച് വിത്തുകാളകളെ ഉത്പാദിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും

രോഗപ്രതിരോധശേഷി കൂടിയ മലബാറി ആടുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എ.ഐ.സി.ആർ.പി. ഓൺ ഗോട്ട് ഇംപ്രൂവ്മെന്റ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മൃഗാശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും 24 മണിക്കൂറും ഡോക്ടർമാരുടെ സേവനവും ആംബുലൻസ് സംവിധാനവും ഉറപ്പുവരുത്തിയിട്ടുണ്ടെന്നും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും ചോളം, സോയാബീൻ തുടങ്ങിയ ധാന്യങ്ങളും വൈക്കോൽ ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കളും ഇറക്കുമതി ചെയ്യാനും പച്ചപ്പുൽ കൃഷി വ്യാപകമാക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണെന്നും വിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിൽ കേരള ഫീഡ്സ് ലിമിറ്റഡ് കാലിത്തീറ്റ ലഭ്യമാക്കുന്നുണ്ടെന്നും ക്ഷീര കർഷകർക്ക് നിലവിൽ 4 രൂപ സബ്സിഡി നൽകുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

14(*122) <u>വഖഫ് സ്വത്തുക്കളുടെ സംരക്ഷണം</u>

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ തിരിച്ചുപിടിക്കാനും അനധികൃത കയ്യേറ്റം/കൈമാറ്റം തടഞ്ഞ് ഇവ സംരക്ഷിക്കാനും ഫലപ്രദമായ മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വഖഫ് വസ്തുക്കളുടെ വിശദാംശങ്ങളടങ്ങുന്ന ലിസ്റ്റ് പൂർണ്ണമായും റവന്യൂ വകുപ്പിന് കൈമാറാൻ വഖഫ് ബോർഡിന് ഉത്തരവ് നൽകുകയും അനധികൃത കയ്യേറ്റം തടയുന്നതിന്/ഒഴിപ്പിക്കുന്നതിന് വഖഫ് ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുന്നതിനാവശ്യമായ കരട് ഭേദഗതി നിയമം സമർപ്പിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും വഖഫ് വസ്തുക്കളുടെ അനധികൃത കയ്യേറ്റങ്ങൾ തടയുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിക്കുകയും തണ്ടപ്പേർ/BTR രജിസ്റ്ററിലെ റിമാർക്സ് കോളത്തിലും ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന ആപ്ലിക്കേഷനിലെ ബന്ധപ്പെട്ട ഫീൽഡിലും 'വഖഫ് ഭൂമി' എന്ന് രേഖപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വഖഫ് നിയമം 52 പ്രകാരം

അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ തിരിച്ചുപിടിക്കുന്നതിനുള്ള നടപടികളും സെക്ഷൻ 54 പ്രകാരം അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികളും വഖഫ് ബോർഡ് സ്വീകരിച്ചുവരുന്നുണ്ടെന്നും അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്, സ്പെഷ്യൽ ഗ്രാന്റ് എന്നിവ അനുവദിച്ചിട്ടുണ്ടെന്നും പെൻഷൻ, വിവാഹ-ചികിത്സാ ധനസഹായം, സ്കോളർഷിപ്പ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇസ്ലാമിക് ചെയറിനുള്ള ഗ്രാന്റ്, വിവാഹമോചിതരായ സ്ത്രീകൾക്ക് ഗ്രാന്റ് എന്നീ സാമൂഹ്യ സുരക്ഷാ പദ്ധതികൾ വഖഫ് ബോർഡ് വഴി നടപ്പിലാക്കിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ടാറ്റ ആശുപത്രിക്കുവേണ്ടി ഏറ്റെടുത്ത വഖഫ് ഭൂമിക്കുപകരം ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും വഖഫ് ബോർഡിനുകീഴിലുള്ള സ്വത്തുവകകൾ കണ്ടെത്തിയതിനുശേഷം വാല്യുവേഷൻ നടത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നും പൊതു ആവശ്യങ്ങൾക്ക് വഖഫ് ഭൂമി കൈമാറ്റം ചെയ്യാൻ സാധിക്കുകയില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

15 (*123) <u>മഹാത്മാഗാന്ധി സർവ്വകലാശാലയിലെ കൈക്കൂലി വിവാദം</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ, മഹാത്മാഗാന്ധി സർവ്വകലാശാലയിലെ എം.ബി.എ

മേഴ്സി ചാൻസ് പരീക്ഷ എഴുതിയതും സ്വാഭാവികമായി വിജയിക്കുകയും ചെയ്ത വിദ്യാർത്ഥിനിയിൽനിന്നും പണം കൈപ്പറ്റിയതായ പരാതിയിന്മേൽ സംസ്ഥാന വിജിലൻസ് അഴിമതിവിരുദ്ധ വിഭാഗം അന്വേഷണം നടത്തുകയും ശ്രീമതി എൽസി. സി. ജെ. ഉൾപ്പെടെയുള്ള ആരോപണവിധേയരായ ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കുറ്റാരോപിതയായ ഉദ്യോഗസ്ഥയ്ക്കെതിരെ സർവ്വകലാശാലാ നിയമപ്രകാരമുള്ള ശിക്ഷാനടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചുവരികയാണ്. വിദ്യാർത്ഥികൾക്ക് പരാതികളും അപേക്ഷകളും സമർപ്പിക്കുന്നതിനും ആയവ സുതാര്യമായി കൈകാര്യം ചെയ്യുന്നതിനും മറ്റുമായി സർവ്വകലാശാലാതലത്തിൽ ഓൺലൈൻ പരാതി പരിഹാര പോർട്ടൽ തയ്യാറാക്കുകയും വിദ്യാർത്ഥികൾക്ക് നേരിട്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഫ്രണ്ട് ഓഫീസ് സംവിധാനം സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. പരീക്ഷാ പരിഷ്കരണത്തിനായി നിയോഗിച്ച കമ്മീഷൻ ഇന്ററിം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും സർവ്വകലാശാലാ നിയമങ്ങൾക്ക് വിധേയമായാണ് പ്രൊമോഷനുകൾ നൽകിയിട്ടുള്ളതെന്നും എല്ലാ സർവ്വകലാശാലകളിലും ഡിജി ലോക്കർ സംവിധാനം ഏർപ്പെടുത്താൻ

തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

16 (*124) പച്ചക്കറി വിപണിയിലെ ഇടപെടലുകൾ

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പച്ചക്കറി വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ വിപണി ഇടപെടൽ നടത്തി വില പിടിച്ചുനിർത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഹോർട്ടികോർപ്പ് മുഖേന പച്ചക്കറികൾ സംഭരിക്കുകയും സഞ്ചരിക്കുന്ന വിപണികൾ (തക്കാളി വണ്ടികൾ), ഓണം-ക്രിസ്തുമസ്-പുതുവത്സര വിപണികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 'കേരള ഫാം ഫ്രഷ് പച്ചക്കറി-അടിസ്ഥാന വില' പദ്ധതിപ്രകാരം 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില നിശ്ചയിക്കുകയും 10% അധിക വില നൽകി സംഭരിക്കുകയും പൊതുവിപണി വിൽപ്പന വിലയിൽനിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ആവശ്യത്തിന് ലഭ്യമല്ലാത്തതും ഉപഭോക്താക്കൾക്ക് അത്യന്താപേക്ഷിതവുമായ പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽനിന്നും പ്രമുഖ കാർഷിക മൊത്തവ്യാപാര വിപണികളിലെ ലേലം വഴിയും ഹോർട്ടികോർപ്പ് സംഭരിച്ച് വിപണനം നടത്തുന്നുണ്ട്.

കർഷകരിൽനിന്നും സംഭരിക്കുന്ന പച്ചക്കറി ഉത്പന്നങ്ങൾ ഗുണനിലവാരം കുറയാതെ സംഭരണകേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ശീതികരിച്ച വാഹനങ്ങൾ വാങ്ങുന്നതിനായി 112 ലക്ഷം രൂപ അനുവദിക്കുകയും എല്ലാ ജില്ലകളിലും കണ്ടെയ്നർ മോഡൽ വില്പനശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം ജില്ലകളിൽ Integrated Pack House നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും വി.എഫ്.പി.സി.കെ.-യുടെ കീഴിലുള്ള തൃശ്ശൂർ, വയനാട് പാക്ക് ഹൗസുകളിൽ 10 മെട്രിക് ടൺ സംഭരണശേഷിയുള്ള ശീതീകൃത അറ സജ്ജമാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വിഷരഹിത പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ടെന്നും കേരളത്തിലെ ഫാമുകളെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി സാധ്യമായ സഹായങ്ങളും കർഷകർക്ക് നൽകുമെന്നും ഗുണമേന്മയുള്ളതും വിഷരഹിതവുമായ പച്ചക്കറികൾ നേരിട്ട് സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.